പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 909 — 05.03.2018- ൽ മറുപടിക്ക്

**ഒറ്റപ്പാലം ബൈപ്പാസ് റോഡ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.ഉണ്ണി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനായി ഈ സർക്കാർ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) | 27.09.2016-ലെ സ.ഉ (സാധാ) നം.1324/2016/ പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബിയിലുൾപ്പെടുത്തി 15 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തിയുടെ നടത്തിപ്പിനായി റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ 10.07.2017-ലെ സ.ഉ (സാധാ) നം.942/ 2017/പൊ.മ.വ പ്രകാരം ഒറ്റപ്പാലം ബൈപ്പാസിന് സ്ഥലമേറ്റെടുക്കുന്നതിലേക്കായി കിഫ്ബിയിലുൾപ്പെടുത്തി 25 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകിയിട്ടുമുണ്ട്. |
| (ബി) | നിർദ്ദിഷ്ട ഒറ്റപ്പാലം ബൈപ്പാസ് റോഡ് എവിടെ നിന്ന് ആരംഭിച്ച് എവിടെയാണ് അവസാനിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഒറ്റപ്പാലം ബൈപ്പാസ്, പൊന്നാനി - പാലക്കാട് റോഡിൽ ലക്ഷ്മി തീയറ്ററിന്റെ സമീപത്ത് നിന്നും ആരംഭിച്ച് സെൻട്രൽ റോഡ് വഴി ഒറ്റപ്പാലം ചെർപ്പുളശ്ശേരി റോഡ് മുറിച്ച് കടന്ന് പാലാട്ട് റോഡ് വഴി മായന്നൂർ പാലത്തിനു ശേഷം പൊന്നാനി - പാലക്കാട് റോഡിൽ അവസാനിക്കുന്നു. |
| (സി) | നിർദ്ദിഷ്ട ഒറ്റപ്പാലം ബൈപ്പാസ് റോഡിലുള്ള കാക്കാത്തോട് പാലം നിർമ്മിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയാണ് ഇൻവെസ്റ്റിഗേഷൻ നടത്തിയത്; ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; | (സി) | നിർദ്ദിഷ്ട ബൈപ്പാസിൽ വരുന്ന പാലം നിർമ്മിക്കുന്നതിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തിയത് M/s. KITCO Ltd., Puthiya Road, NH Bypass, Kochi എന്ന ഏജൻസിയാണ്. ബൈപ്പാസിന്റെ ഡി.പി.ആർ തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിർദ്ദിഷ്ട ഒറ്റപ്പാലം ബൈപ്പാസ് റോഡ് യാഥാർത്ഥ്യമാക്കുന്നതിനായി ഈ സർക്കാർ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | ബൈപ്പാസ് റോഡ് നിർമ്മാണത്തിനുള്ള ഡി.പി.ആർ തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിക്കുന്നതാണ്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ വിളിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ